ആട്ടോണമസ് കോളേജുകൾ അനുവദിച്ച് അവയെ ഏകീകരിക്കാനും നിയന്ത്രിക്കാനും സംവിധാനം

*22 [377] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി. അനുവാദത്തോടെ കേരളത്തിൽ ആട്ടോണമസ് കോളേജുകൾ അനുവദിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(ബി) ആട്ടോണമസ് കോളേജുകളെ നിശ്ചയിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ഇപ്പോൾ ആട്ടോണമസ് കോളേജുകളാക്കാൻ ഉദ്ദേശിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം;

(ഡി) നിർദ്ദിഷ്ട സ്ഥാപനങ്ങളിലെ സിലബസ്, പാഠ്യക്രമം, ചോദ്യപേപ്പർ തയ്യാറാക്കലും പരീക്ഷ നടത്തിപ്പും, ഉത്തരക്കടലാസ് പരിശോധനയും ഫല പ്രഖ്യാപനവും ഏകീകരിക്കാനും നിയന്ത്രിക്കാനും ഏത് സംവിധാനത്തിലൂടെയാണ് സാധിക്കുന്നതെന്ന് അറിയിക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഇപ്പോൾ പാസ്സാക്കിയ യൂണിവേഴ്സിറ്റി ഭേദഗതി നിയമത്തിൽ ആട്ടോണമസ് കോളേജുകൾ അനുവദിക്കുന്നതിനുള്ള enabling പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി, സി ആന്റ് ഡി) കേരളത്തിൽ ആട്ടോണമസ് കോളേജുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടെങ്കിലും അതിന്റെ വിശദാംശങ്ങൾ തീരുമാനിച്ചിട്ടില്ല.

സംസ്ഥാന സഹകരണ ബാങ്ക് വിദ്യാഭ്യാസ വായ്പകൾ നിർത്തിവച്ച നടപടി

*23 [378] ശ്രീ. ജോർജ് ജെ. മാത്യു:

" കെ. അച്ചുതൻ:

" കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പകൾക്ക് ഈടുവാങ്ങരുതെന്ന നിർദ്ദേശം സഹകരണ ബാങ്കുകൾക്ക് നൽകിയതെന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly